തസ്തികകളുടെ നിശ്ചിതശതമാനം ഒഴിവുകളും സർവീസിലുള്ള ജീവനക്കാരിൽ നിന്നും പ്രമോഷൻമൂലം നികത്താമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇതിനുവേണ്ട അനുവാദം തരുന്നതിന് പബ്ലിക് സർവീസ് കമ്മീഷനോട് 23-1-1978-ൽ വിദ്യുച്ഛക്തി ബോർഡ് അപേക്ഷിച്ചിട്ടുമുണ്ട്.

സർക്കാർ ഓഫീസിന്റെ ഭിത്തികളിൽ പരസ്യങ്ങൾ പതിക്കുന്നതു തടയാൻ നടപടി

1128 [1801] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസിന്റെ ഭിത്തികളിൻമേൽ പരസ്യങ്ങൾ പതിച്ചും, എഴുതിയും വൃത്തികേടാക്കുന്ന പ്രവണത തടയാൻ സത്വര നടപടി സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരത്തെ വികാസ്ഭവൻ കെട്ടിടത്തിന്റെ സംരക്ഷണത്തിനു ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) വികാസ്ഭവന്റെ പ്രധാന പോർട്ടിക്കോയിലെ സിഗരറ്റ് കച്ചവടക്കാരെ ഇവിടെ നിന്നും മാറ്റാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) സിഗരറ്റ് കച്ചവടക്കാരെ മാറ്റിക്കഴിഞ്ഞു.

കയറ്റുമതി ഇനത്തിൽ ലഭിച്ച വിദേശനാണ്യം

1129 [1802] ശ്രീ. പി. സി. ജോസഫ്

,, എം. വി. മാണി

,, ഈപ്പൻ കണ്ടക്കുടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-78 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ എത്ര കോടി രൂപ വിദേശ നാണ്യമായി ലഭിച്ചു;

(ബി) ഇതിൽ ഓരോ കയറ്റുമതി സാധനത്തിനും ലഭിച്ച തുക പ്രത്യേകമായി വ്യക്തമാക്കുമോ?

ഉത്തരം

(എ) 1977-78-ൽ കേരളത്തിലെ തുറമുഖങ്ങൾ വഴി 575 കോടി രൂപയ്ക്കുള്ള സാധനങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly